# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5552 02.07.2014-ൽ മറുപടിക്ക്**

**<u>മരുന്ന് കുറിപ്പടികൾ ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ നൽകാൻ ഉത്തരവ്</u>**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീമതി.കെ.എസ്.സലീഖ** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മരുന്ന് കുറിപ്പടി ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതി നൽകണമെന്ന് മെഡിക്കൽ കൗൺസിലും ഡ്രഗ്സ് കൺട്രോളറും ലോകാരോഗ്യ സംഘടനയും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും സംസ്ഥാനത്തെ സർക്കാർ ഡോക്ടർമാർ ആയത് പാലിക്കാറില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ;<br><br>(ബി) എങ്കിൽ ഇത് പാലിക്കാത്ത സർക്കാർ ഡോക്ടർമാർക്കെതിരെ കർശനമായ എന്തൊക്കെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാനാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ; | (എ) & (ബി) ഡോക്ടർമാർ മരുന്ന് കുറിപ്പടി ഇംഗ്ലീഷ് വലിയ അക്ഷരത്തിൽ വ്യക്തമായി എഴുതി നൽകണമെന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ ശുപാർശ കേന്ദ്ര ആരോഗ്യ വകുപ്പിന്റെ പരിഗണനയിലാണ്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയ്ക്ക് മാത്രമാണ് ഡോക്ടർമാരുമായി ബന്ധപ്പെട്ട ഈ വിഷയത്തിൽ നിയമപരമായി ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ അധികാരമുള്ളത്. മറ്റ് അധികാരികൾക്കോ സ്ഥാപനങ്ങൾക്കോ ഈ വിഷയത്തിൽ നിർദ്ദേശം നൽകാൻ അധികാരമില്ല. നിയമം പ്രാബല്യത്തിൽ വന്നാൽ ഇവ പാലിക്കാത്ത സർക്കാർ ഡോക്ടർമാർക്കെതിരെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ നിഷ്കർഷിക്കുന്ന നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നതായിരിക്കും. |
| (സി) സർക്കാർ ഡോക്ടർമാർ മരുന്ന് കമ്പനികളെ സഹായിക്കുന്നത് ഒഴിവാക്കാൻ ആരോഗ്യവകുപ്പ് എന്തൊക്കെ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ; | (സി) ഡോക്ടർമാർ സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുമ്പോൾ കുറിപ്പടി മരുന്നിന്റെ ജനറിക് നാമത്തിൽ തന്നെ എഴുതണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് ഡോക്ടർമാർ സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുമ്പോൾ മരുന്ന് കമ്പനികളെ സഹായിക്കുന്നത് ഒഴിവാക്കാൻ സാധിച്ചിട്ടുണ്ട്. |

(ഡി) മരുന്നിൽ അടങ്ങിയിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുന്ന ജനറിക് നാമം എഴുതി നൽകണമെന്ന കർശന നിർദ്ദേശം നൽകാൻ ആരോഗ്യ വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(ഡി) മരുന്നിന്റെ കുറിപ്പടി ജനറിക് നാമത്തിൽ തന്നെ എഴുതണമെന്ന് ആരോഗ്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പാലിക്കാതിരുന്നാൽ ആശുപത്രിയിലെ എത്തിക്സ് കമ്മിറ്റിയുടെ ശുപാർശയിൻമേൽ യഥാസമയം നടപടി സ്വീകരിക്കുന്നതായിരിക്കും.

സെക്ഷൻ ഓഫീസർ